പൈസയിൽക്കൂടി നിവേദനം നടത്താൻ സൗകര്യമുള്ളപ്പോൾ അതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിച്ച് ഈ ആഫീസുകളിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: എല്ലാ ആഫീസുകളുടെ കാര്യത്തിലും അങ്ങനെ പൊതുവായ ഒരു ഉറപ്പുനൽകാൻ പ്രയാസമാണ്. ഇവയിൽ, വളരെക്കൂടുതൽ ആവശ്യമാണെന്നു തോന്നുന്ന ഡിപ്പാർട്ടുമെൻറുകൾക്ക് ആ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശമനുസരിച്ച് പ്രത്യേകം പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ഗവൺമെൻറാഫീസുകളിൽ അവിടത്തെ ജീവനക്കാർ ടെലഫോൺ ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അതൊക്കെ സാധാരണ അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള നടപടിക്രമങ്ങളാണ്. ടെലഫോൺ ആരെങ്കിലും ദുരുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ അതിനുള്ള നടപടി എടുക്കാറുമുണ്ട്.

ശ്രീ. പി.പി. എസ്തോസ്: മൂവാറ്റുപുഴയിലെ സപ്രണ്ടിംഗ് എഞ്ചിനീയറാഫീസ് ജില്ലാ ആഫീസാക്കിയിട്ട് ഒരു വർഷത്തോളമായി. അവിടെ ടെലഫോൺ ആവശ്യപ്പെട്ടിട്ട് ഫൈൻ ആർട്സ്കാരുടെയോ മറ്റോ അസൗകര്യംകൊണ്ട് ഇൻസ്റ്റാൾ ചെയ്തില്ല. വളരെ പ്രധാനപ്പെട്ട ആഫീസുകളിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അങ്ങനെ പ്രത്യേകം പ്രത്യേകം ആഫീസുകളുടെ കാര്യം സഭയിൽ ചോദിച്ചാൽ ഒരു കമിറ്റ്മെൻറ് നൽകാൻ ബുദ്ധിമുട്ടുണ്ട്. തീർച്ചയായും അതാലോചിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഗിരിവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങളും നോക്കുന്നത് ടി.ഡി.ഒ. ആണ്. അത്തരം ആഫീസുകളിൽ ടെലഫോൺ സൗകര്യം ഉണ്ടാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അതു ഞാൻ പ്രത്യേകം വിശദീകരിച്ചുകഴിഞ്ഞു. ഒരോ ആഫീസിനെപ്പറ്റിയും ചോദിച്ചാൽ വ്യക്തമായ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ ടെലഫോണില്ലാത്ത ആഫീസുകളിൽ അതിൻെറ ആവശ്യമുണ്ടോ എന്നുള്ള കാര്യവും ജനങ്ങളുടെ സൗകര്യവുമെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നുണ്ട്. കൂടുതൽ ആഫീസുകളിൽ ഏർപ്പെടുത്തേണ്ടിവരും. ഇന്നത്തെക്കാലത്ത് ടെലഫോൺ സൗകര്യം ആവശ്യമാണെന്നകാര്യം നമുക്കെല്ലാവർക്കുമറിയാം.

തടവുകാരുടെ ശിക്ഷ ഇളവുചെയ്യാൻ നടപടി

* 551 [586] ശ്രീ. എ.എൻ. യൂസഫ്:
,, സി.എ. കുര്യൻ:
,, എം. രാമപ്പ:
,, വി.കെ. രാജൻ:
,, എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തുള്ള ജയിൽ തടവുകാരുടെ ശിക്ഷ കുറച്ച് അവരെ മോചിപ്പിക്കുന്നതിന് എന്തെങ്കിലും ആലോചനയുണ്ടോ;

(ബി) ശിക്ഷിച്ച കാലാവധിയുടെ പകുതി കഴിഞ്ഞ തടവുകാരെ മോചിപ്പിക്കുന്നതിന് തീരുമാനമെടുക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഇപ്പോഴത്തെ നിലവിലുള്ള വ്യവസ്ഥകൾതന്നെ വളരെ ഉദാരമാണെന്നു ഗവൺമെൻറ് കരുതുന്നു.

ശ്രീ. എ.എൻ. യൂസഫ്: ചില രാഷ്ട്രീയപാർട്ടിയിൽപ്പെട്ട തടവുകാർ അവരുടെ നയംതെറ്റാണെന്നു മനസ്സിലാക്കിയതിന്റെ ഫലമായി തെറ്റുതിരുത്താൻ സന്നദ്ധത കാണിക്കുന്നുണ്ട്. അവരുടെ കാര്യം പ്രത്യേകം പരിഗണിക്കുന്നതിനു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; കിട്ടിയാൽ പരിഗണിക്കുമോ? ഇതിനുമുൻപു വല്ലതും പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: അങ്ങനെ പ്രത്യേകമായി എന്തെങ്കിലുമൊരു പെറ്റീഷൻ കിട്ടിയിട്ടില്ല. ഇതൊക്കെ ചെയ്ത കുറ്റങ്ങളുടെ ശിക്ഷയാണ്. അതിനുമുൻപു റിലീസ് ചെയ്യുന്നതിന് ചില ചട്ടങ്ങളൊക്കെയുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളും വളരെ വിശാലവും നയപരവുമാണ്. അതുകൊണ്ട് വളരെ ആലോചിച്ചേ പറയാനൊക്കുകയുള്ളൂ.

Shri M. Ramappa: What are the rules now priviledged for the release of prisoners on Parol?

ശ്രീ. കെ.എം. മാണി: പരോളിൽ തടവുകാരെ വിടുന്നതു വേറൊരു വിഷയമാണ്. പരോളിലെ റൂളനുസരിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ തടവുകാരെ പരോളിൽ വിടുന്നുണ്ട്.

ശ്രീ. വി.കെ. രാജൻ: സംസ്ഥാനത്ത് രാഷ്ട്രീയ തടവുകാരായ എത്രപേർ ജയിലിൽ കിടക്കുന്നുണ്ട്?

ശ്രീ. കെ.എം. മാണി: അതു പ്രത്യേക ചോദ്യമാണ്.

ശ്രീ. വി.കെ. രാജൻ: നക്സലൈറ്റ് തടവുകാർ വർഷങ്ങളായി റിമാൻറിൽ കഴിയുന്നവരാണ്. അവരെ വിടുന്നതിനു വല്ല ആലോചനയുമുണ്ടോ?

ശ്രീ. കെ.എം. മാണി: അതാണു പറഞ്ഞത് ഏതെങ്കിലുമൊരു കാറ്റഗറിയിൽപ്പെടുന്ന തടവുകാരെ ശിക്ഷ പൂർത്തിയാകുന്നതിനു മുൻപു വിടാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. എം.കെ. കേശവൻ: ശിക്ഷ ഇളവുചെയ്തു വെളിയിൽവിടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: രണ്ടുമൂന്നു റൂളുകളുണ്ട്. ഒരാൾ ജയിലിൽ കിടക്കേണ്ട കാലാവധിയുടെ മൂന്നിൽരണ്ടു കാലയളവു കഴിഞ്ഞിട്ടുണ്ടെങ്കിൽ ജയിൽ അഡ്വൈസറി ബോർഡ് ചില കാര്യങ്ങളിൻമേൽ തീരുമാനമെടുക്കും. ബോർഡിന്റെ മുൻപിൽ വരുമ്പോൾ അയാൾ ചെയ്തിട്ടുള്ള ജോലി കാൽക്കുലേറ്റ് ചെയ്യുകയും സ്വഭാവം കാൽക്കുലേറ്റുചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ റെമിഷൻ കാൽക്കുലേറ്റ് ചെയ്യുകയും ചെയ്തുകൊണ്ട് പ്രിമെച്വറായി റിലീസ് ചെയ്യാറുണ്ട്. നിയമത്തിനു വിധേയമായിട്ടാണ് അങ്ങനെ ചെയ്യുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സ്റ്റേറ്റ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം കുറെ കൊല്ലങ്ങളായി വളരെ മന്ദീഭവിച്ചിട്ടുണ്ടെന്നും പല കൊല്ലങ്ങളിലും ബോർഡ് ഒന്നോ രണ്ടോ തവണ മാത്രം കൂടുന്നതുകൊണ്ട് അഡ്വൈസറി ബോർഡ് മുഖാന്തിരമുള്ള ഇളവ് വളരെ കുറവാണെന്നും ഉള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും പ്രധാനപ്പെട്ട ദിവസങ്ങളിൽ കൊടുക്കുന്ന ശിക്ഷയുടെ ഇളവ് വർദ്ധിപ്പിക്കുകയും ചെയ്യാൻ ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി: ജയിൽ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്നുപറയുന്നതു ശരിയല്ല. കാര്യക്ഷമമായി നടക്കുന്നുണ്ട്. ഇപ്പോഴത്തെ റൂളനുസരിച്ച് ആറുമാസത്തിലൊരിക്കൽ ബോർഡ് കൂടിയാൽമതി എന്നുണ്ട്. അങ്ങനെയാകുമ്പോൾ വർഷത്തിൽ രണ്ടുതവണയായിരിക്കും കൂടുന്നത്. എങ്ങനെ കാര്യക്ഷമമാക്കാം എന്നുള്ളതിനെപ്പറ്റി ആലോചിക്കാം. പൊതുവായ ഏതെങ്കിലുമൊരു വിശേഷദിവസത്തിൽ ഇവർക്ക് ഇളവു കിട്ടത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കണമോ എന്നുള്ളതു പരിശോധിക്കാം. അത് വിശാലവും നയപരവുമായ ഒരു പ്രശ്നമാണ്.

ശ്രീ. എൻ. ഭാസ്കരൻനായർ: കേസിന്റെ വിചാരണ നടന്നുകൊണ്ടിരിക്കുമ്പോൾ തടവിലിരിക്കുന്ന ആളുകളെ ശിക്ഷിച്ചശേഷം വരുന്ന കാലാവധിയിൽ ആ പീരീഡ് കുറയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: അത് ഓരോന്നും പ്രത്യേകം പരിശോധിക്കേണ്ട വിഷയമാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: രാഷ്ട്രീയ പ്രവർത്തകരെന്നുള്ള നിലയ്ക്ക് പൊതുപ്രവർത്തനവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ ദീർഘകാലശിക്ഷ അനുഭവിക്കുന്ന ആളുകളുടെ ശിക്ഷ ഇളവുചെയ്യാനുള്ള തീരുമാനമെടുക്കുമോ? ആലോചിച്ചിട്ടില്ല എന്നുപറഞ്ഞു. ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി: ചില കേസുകളിൽ ചെയ്തിട്ടുണ്ട്. മിച്ചഭൂമിസമരത്തിൽ ശിക്ഷിച്ചിട്ടുള്ളവർക്കുപോലും ഇളവുനൽകി ഈ ഗവൺമെന്റ് വിട്ടിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതല്ല ചോദ്യം. രാഷ്ട്രീയ കാര്യവുമായി ബന്ധപ്പെട്ട് ജന്മംശിക്ഷിച്ച് കിടക്കുന്ന ആളുകളുണ്ട് അവരുടെ ശിക്ഷ കാലാവധി പകുതികഴിഞ്ഞാൽ വിടാൻ തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: അതാണു പറഞ്ഞത് ഇന്നുള്ള റൂളനുസരിച്ചേ ചെയ്യാനൊക്കുകയുള്ളു. ജന്മം ശിക്ഷിച്ചുകഴിയുന്ന ആളുകളിൽ പതിനാലുവർഷം പൂർത്തിയായവരുടെ കേസ്സുകൾ ഗവൺമെന്റിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുചെയ്യാറുണ്ട്. അവരെ റിലീസുചെയ്യുന്നതിനു ഗവൺമെന്റ് തീരുമാനമെടുക്കാറുമുണ്ട്. അത് ഇന്നത്തെ റൂളനുസരിച്ചാണ് ചെയ്യുന്നത്. സ്പെഷ്യലായി എന്തെങ്കിലും വേണമെങ്കിൽ അത് സ്പെഷ്യലായി നയപരമായി തീരുമാനമെടുക്കേണ്ടതുണ്ട്

ശ്രീ. പി.സി. ജോസഫ്: കുറ്റവാളികളുടെയും തടവുപുള്ളികളുടെയും സ്വഭാവത്തിൽ മാറ്റംവരുത്താൻ ഭാരതത്തിന്റെ സംഭാവനയായ ട്രാൻസെൻഡെൻറൽ മെഡിറ്റേഷൻ സുപ്രീം കോടതി ജഡ്ജി ശ്രീ. വി. ആർ. കൃഷ്ണയ്യർ അഭിപ്രായപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? പാശ്ചാത്യനാടുകളിൽ പരീക്ഷിച്ചു വിജയകരമാണെന്നു തെളിഞ്ഞിട്ടുള്ള ട്രാൻസെൻഡെൻറൽ മെഡിറ്റേഷൻ ജയിലിൽ ഈ രീതിയിൽ പരിശോധിച്ചു നോക്കുമോ?

ശ്രീ. കെ.എം. മാണി: ജയിലിൽ മാത്രമല്ല എല്ലാവർക്കും പരീക്ഷിക്കാം.

ശ്രീ. ആർ.എസ്. ഉണ്ണി: സെൻട്രൽ ജയിലിൽ കഴിഞ്ഞുകൂടുന്ന തടവുകാരുടെ ജീവിതാവസ്ഥകളെ സംബന്ധിച്ച്, അവരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചൊക്കെ, ഒരു പ്രമുഖ ദിനപത്രം ഒരു ലേഖന പരമ്പര എഴുതിയിട്ടുണ്ടായിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിൽ പറയുന്ന കാര്യങ്ങളും ശരിയാണെങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: ലേഖനങ്ങളും അങ്ങനെ വന്നിട്ടുണ്ട്. വരാറുണ്ട്, അതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിലുള്ള മുഴുവൻ കാര്യങ്ങളും ശരിയല്ലെങ്കിലും ഇന്നത്തെ അവസ്ഥകളും മാറ്റി മോഡേണൈസ് ചെയ്യണമെന്നും കൂടുതൽ സൗകര്യങ്ങളുണ്ടാകണമെന്നും ഉള്ള കാര്യത്തിൽ തർക്കമില്ല. മോഡേണൈസേഷനിൽ പെടുന്ന കാര്യമാണ്. അതിനു നടപടികളെടുത്തുവരികയാണ്.

ശ്രീ. എം.വി. രാഘവൻ: മാതൃഭൂമിയിൽ വന്ന ലേഖനം വായിച്ചു എന്നു പറഞ്ഞു. അതു നന്നായി. നക്സൽ തടവുകാരെ വിടാൻ തീരുമാനിച്ചിട്ടില്ലെന്നു പറഞ്ഞു. ആൻറണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് കുറച്ചുപേരെ വിട്ടു. ഇൻഡ്യാഗവൺമെൻറുതന്നെ ഇവരെ വിട്ടയയ്ക്കാൻ തീരുമാനിക്കുകയും വിട്ടയയ്ക്കണമെന്നു പറയുകയും ചെയ്തിട്ടും നക്സൽ തടവുകാരെ ജയിലിൽ വയ്ക്കുന്നതു ശരിയാണെന്ന് അഭിപ്രായമുണ്ടോ? മാർക്സിസ്റ്റുകാരടക്കം ഉള്ളവരെയാണ് ജയിലിൽ വച്ചിട്ടുള്ളതെന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവരുടെ ശിക്ഷ ഇളവുചെയ്യാൻ തയ്യാറുണ്ടോ? കേരള കോൺഗ്രസ്സുകാരായ രാഷ്ട്രീയത്തടവുകാരുടെ ശിക്ഷ മാത്രമേ ഇളവുചെയ്യൂ എന്നുണ്ടോ?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഉണ്ടോ ഉണ്ടോ എന്ന് എത്ര ചോദ്യമാണ്!

ശ്രീ. എം.വി. രാഘവൻ: അല്ലെങ്കിൽ മന്ത്രിക്കു ചോദ്യം മനസ്സിലാവുകയില്ല.

ശ്രീ. കെ.എം. മാണി: പല പ്രാവശ്യം പറഞ്ഞതാണ്. നക്സൽ തടവുകാരെ മുഴുവനും ഉടനെ വിടുക എന്നുള്ള നയമല്ല ഗവൺമെൻറിനുള്ളത്. അങ്ങനെ വിടുകയില്ല. പ്രധാനമായ കേസുകളെ സംബന്ധിച്ചിടത്തോളം വിട്ടിട്ടുണ്ട്. അഡ്വൈസറി ബോർഡിന്റെ ശുപാർശകൂടി വിധേയമായിട്ട് ഓരോ കേസിന്റേയും മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് ഇതു പരിശോധിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ 14 കൊല്ലം കഴിഞ്ഞ് അപേക്ഷിച്ചാൽ ബോർഡു പരിശോധിച്ച് അയവുവരുത്തുകയാണ് പതിവെന്നു പറഞ്ഞു. ഓരോ കേസിന്റെയും പ്രത്യേക സാഹചര്യം പരിഗണിക്കുമെന്നും പറഞ്ഞു. അതുകൊണ്ട് 14 കൊല്ലം തികഞ്ഞശേഷമേ അപേക്ഷിക്കാൻ പാടുള്ളു എന്നു നിർദ്ദേശിക്കുന്ന ചട്ടങ്ങളിലും വ്യവസ്ഥകളിലും മാറ്റം വരുത്തി അതിനു മുൻപുതന്നെ ഓരോ കേസും പ്രത്യേകം പരിഗണിച്ച് ഇളവുചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: സുപ്രീം കോടതിയുടെ ഈയിടെയുള്ള റൂൾ അനുസരിച്ചുതന്നെ ജീവപര്യന്തം എന്നുപറയുന്നത് ആജീവനാന്ത ശിക്ഷയാണ്. പിന്നെ, ഔദാര്യപൂർവ്വം പരിശോധിക്കുകയും വിടുകയുമാണ് ചെയ്യുന്നത്.

ശ്രീ. കെ.സി. വാമദേവൻ: ജയിൽ അധികൃതരുടെ പ്രീതി സമ്പാദിക്കുന്നവരുടെ കാര്യം മാത്രമേ ജയിൽ ഉപദേശകസമിതി പരിശോധിക്കുകയുള്ളു എന്നുള്ളതു പരിഗണിച്ച് വ്യവസ്ഥകളിൽ അയവു വരുത്തി, ജയിലിൽ കിടക്കുന്ന ആരുടെയും കേസ് അനുഭാവപൂർവ്വം അർഹമായ രീതിയിൽ പരിഗണിക്കാൻ പറ്റിയ രീതിയിൽ, ഉപദേശകസമിതിയുടെ പരിശോധനാ സമ്പ്രദായത്തിൽ മാറ്റം വരുത്തുമോ?

ശ്രീ. കെ.എം. മാണി: ഉപദേശകസമിതി റിജെക്റ്റുചെയ്താൽത്തന്നെ 14 വർഷം പൂർത്തിയായ എല്ലാ കേസുകളും ഗവൺമെന്റിന്റെ അടുക്കൽ വരണമെന്നാണു വ്യവസ്ഥ. ഗവൺമെന്റിനു ഡിസ്ക്രീഷൻ ഉണ്ട്. ആ ഡിസ്ക്രീഷൻ ഉപയോഗിച്ചു തീരുമാനിക്കാൻ കഴിയും. അങ്ങനെ തീരുമാനമെടുത്തുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. പി.പി. എസ്തോസ്: നമ്മളെല്ലാം ജയിലിൽ ദീർഘകാലം കിടന്നവരാണ്. അതുകൊണ്ട് സ്വന്തം അനുഭവങ്ങളുണ്ട്. ശിക്ഷ ഇളവു ചെയ്യുന്നതുസംബന്ധിച്ച് ഉപദേശകസമിതിയുടെ തീരുമാനം എത്രകണ്ടു നിഷ്പക്ഷമോ സത്യസന്ധമോ ആയാലും വാർഡർ തുടങ്ങിയ ജയിലധികാരികളുടെ കാലുപിടിക്കാനും അവർ പറയുന്ന എന്തു തോന്ന്യാസവും ചെയ്യാനും തയ്യാറാകാത്ത ഒരൊറ്റയാൾക്കും നീതി ലഭിക്കുന്നില്ല എന്നുള്ളതു പരിഗണിച്ച് അതിനെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: സാമാന്യമായി നീതി ലഭിക്കുന്നുണ്ട്. മറ്റപ്പെട്ട കേസുകളിൽ പരാതിക്കു വകയില്ലെന്നു പറയുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ജയിലിൽവച്ച് ഡിഗ്രിയെടുത്തിട്ടുള്ളവർക്ക് പഠനകാലം ശിക്ഷയിൽ ഇളവു ചെയ്തുകൊടുക്കുമോ?

ശ്രീ. കെ.എം. മാണി: ഇപ്പോഴും പഠിക്കാനുള്ള അവസരമുണ്ട്. ഇക്കാര്യത്തെപ്പറ്റിയും ആലോചിക്കാം.

ശ്രീ. എം.പി. രാഘവൻ: കേരള കോൺഗ്രസ് പ്രവർത്തകരായ രണ്ടു കൊലക്കേസ് പ്രതികളുടെ ശിക്ഷ ഇളവുചെയ്തു വിട്ടയച്ചിട്ടുണ്ടോ? മറ്റു രാഷ്ട്രീയത്തടവുകാരെ എന്തുകൊണ്ടു വിട്ടയയ്ക്കുന്നില്ല?

ശ്രീ. കെ.എം. മാണി: പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി.ആർ. കുറുപ്പ്: കണ്ണൂർ സെൻട്രൽ ജയിലിൽ നക്സൽ തടവുകാർക്കുവേണ്ടി പ്രത്യേകം കെട്ടിടങ്ങളും നിർമ്മിക്കാൻ മുഖ്യമന്ത്രിതന്നെ തുക വകയിരുത്തിയിട്ടുണ്ട്. നക്സലൈറ്റ് തടവുകാരെ

LIBRARY ARCHIVES Kerala Legislative Assembly

വിട്ടയയ്ക്കണമെന്നു കേന്ദ്രഗവൺമെൻറു പ്രഖ്യാപിച്ചിട്ടുണ്ട്. നക്സലൈറ്റു പ്രവർത്തനം കൂടുതൽ ഉണ്ടാകാനിടയില്ലെന്നു ഗവൺമെൻറ് പ്രസ്താവിച്ചു. ആ സ്ഥിതിക്ക് പ്രത്യേക കെട്ടിടം എന്തിനാണ്?

ശ്രീ. കെ.എം. മാണി: കെട്ടിടം പണിയും ഈ പ്രസ്താവനയും തമ്മിൽ ബന്ധപ്പെടുത്തി ഉത്തരംപറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. പി.ആർ. കുറുപ്പ്: നക്സലൈറ്റ് തടവുകാർക്ക് പ്രത്യേകം കെട്ടിടം എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ.എം. മാണി: അതുണ്ട്. സംവിധാനം ആവശ്യമാണ്.

ഉദ്യോഗനിയമനങ്ങൾക്കുള്ള പ്രായപരിധി

* 552 [587] ശ്രീ. എ.വി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനങ്ങൾക്കുള്ള പ്രായപരിധി അവസാനമായി എന്നു മുതലാണ് ഉയർത്തിയത്;

(ബി) ഗവൺമെൻറ് ഉടമയിലുള്ള ഏതെങ്കിലും കമ്പനികളോ കോർപ്പറേഷനുകളോ പ്രസ്തുത തീരുമാനം നടപ്പാക്കാതെയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) പിന്നോക്കസമുദായങ്ങൾക്കുള്ള വയസ്സിളവോ, ജാതി സംവരണമോ ഗവൺമെൻറ് കമ്പനികളിലും, കോർപ്പറേഷനുകളിലും നടപ്പാക്കാതിരിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കർശനമായി ഇവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): സർ,

(എ) സർക്കാർ സർവീസിനെ സംബന്ധിച്ചിടത്തോളം 23.8.1978.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അത്തരത്തിൽ ഒരു പരാതി ലഭിച്ചിരുന്നു.

(ഡി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കമ്പനികൾക്കും കോർപ്പറേഷനുകൾക്കും വേണ്ട നിർദ്ദേശം ഇക്കാര്യത്തിൽ നൽകിയിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: പല ഗവൺമെൻറു കമ്പനികളും ഇലക്ട്രിസിറ്റി ബോർഡുപോലുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും ഇപ്പോഴും ഗവൺമെൻറു പ്രഖ്യാപിച്ചിരിക്കുന്ന വയസ്സിളവ് അംഗീകരിക്കുന്നില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് കർശനമായും എല്ലാ കമ്പനികളിലും കോർപ്പറേഷനുകളിലും അടിയന്തിരമായും ഇതു നടപ്പിൽ വരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അംഗീകരിക്കുന്നില്ല എന്ന നിലപാട് ആരും സ്വീകരിച്ചിട്ടില്ല. ഗവൺമെൻറ് ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ആവർത്തിച്ച് എല്ലാ കോർപ്പറേഷനുകൾക്കും കമ്പനികൾക്കും നൽകിയിട്ടുണ്ട്. പല കമ്പനികളും അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly